Collegiate Education 94/78/2019 2000 GPE © Govt. of Kerala

**ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ**

ഫോൺ : 0484 2779757

(കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്—കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നത്)

www.rlvcollege.com

rlvcollegetripunithura@gmail.com

# പ്രവേശന വിജ്ഞാപനം

## (ബിരുദ പഠനം)

1. ഇത് കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു ഗവൺമെന്റ് കോളേജാണ്. മറ്റേതെങ്കിലും വിധത്തിൽ കേരള സർക്കാർ വിജ്ഞാപനം നടത്തിയില്ലെങ്കിൽ, ഈ കോളേജ് ജൂൺ 1-നോ അതിനടുത്ത പ്രവൃത്തി ദിനമോ തുറന്ന് കലാലയവർഷത്തെ പ്രവർത്തനം ആരംഭിക്കും. അന്നുമുതൽ സീനിയർ ക്ലാസുകൾ തുടങ്ങുന്നതാണ്. ഒന്നാം വർഷ ക്ലാസുകൾ ആരംഭിക്കുന്ന തീയതി മഹാത്മാഗാന്ധി സർവ്വകലാശാല പത്രക്കുറിപ്പിലൂടെ അറിയിക്കുന്നതാണ്. ക്ലാസ് സമയം രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ ആയിരിക്കുന്നതാണ്.

2. പൊതുവായ വിവരണരേഖ, വിവിധ ക്ലാസുകളിലെ ഒന്നാം വർഷ പ്രവേശനത്തിനുള്ള അപേക്ഷാഫോറങ്ങൾ എന്നിവ കോളേജ് ഓഫീസിൽനിന്നും അൻപത് രൂപ നിരക്കിൽ (സർക്കാർ അനുമതിക്കു വിധേയമായി) നേരിട്ട് വാങ്ങാവുന്നതാണ്. അപേക്ഷാ ഫോറത്തിന്റെ വിലയും തപാൽ ചെലവും ഉൾപ്പെടെ 90 രൂപ (തൊണ്ണൂറ് രൂപ) പ്രിൻസിപ്പാളിന്റെ പേരിൽ മണി ഓർഡർ അയച്ചുതന്നാൽ ആവശ്യമുള്ള അപേക്ഷാഫോറം തപാൽവഴി അയച്ചുകൊടുക്കുന്നതാണ്. പൂർണ്ണമായ മേൽവിലാസവും ഏതു കോഴ്സിലേക്കുള്ള അപേക്ഷാഫോറമാണ് വേണ്ടതെന്നും മണി ഓർഡർ കൂപ്പണിൽ വ്യക്തമായി കാണിച്ചിരിക്കണം. പോസ്റ്റൽ ഓർഡർ, ചെക്ക്, ഡി. ഡി. മുതലായവ സ്വീകാര്യമല്ല. പ്രവേശനത്തിനുള്ള സർവ്വകലാശാലാ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷാഫോറം വിതരണം ചെയ്യുന്നതും സ്വീകരിക്കുന്നതുമാണ്.

3. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ കോളേജ് ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതി സർവ്വകലാശാല നിർദ്ദേശിക്കുന്ന ദിവസം വൈകിട്ട് 4 മണിവരെയായിരിക്കും. വൈകി ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ ശരിയായ സമയത്ത് ലഭിച്ച അപേക്ഷാ ഫോറങ്ങൾ മുഴുവൻ പരിഗണിച്ചതിനുശേഷം ആവശ്യമെങ്കിൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഒരാൾക്ക് ഒരു അപേക്ഷാഫോറം മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

4. അപൂർണ്ണമായി പൂരിപ്പിച്ചതോ തെറ്റായ വിവരങ്ങൾ നൽകിയെന്ന് പിന്നീട് മനസ്സിലാക്കുന്നതോ ആയ അപേക്ഷകൾ തിരസ്ക്കരിക്കുന്നതും പ്രവേശനം നിഷേധിക്കുന്നതുമാണ്. തെറ്റായ വിവരങ്ങൾ നൽകി പ്രവേശനം നേടുന്ന ഏതൊരു വിദ്യാർത്ഥിയും കോളേജിൽ നിന്നും പുറത്താക്കപ്പെടുന്നതാണ്. അപേക്ഷയിൽ [ഇമെയിൽ - അഡ്രസ് എഴുതേണ്ടതാണ്.

5. പൂരിപ്പിച്ച അപേക്ഷാഫോറങ്ങളോടൊപ്പം ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വച്ചിരിക്കണം. സർട്ടിഫിക്കറ്റുകളുടെ അസ്സൽ വയ്ക്കുവാൻ പാടില്ല. അപേക്ഷയോടൊപ്പമുള്ള കാർഡുകളിൽ സ്വന്തം മേൽവിലാസമെഴുതി വേണ്ടത്ര സ്റ്റാമ്പുകൾ പതിച്ചിരിക്കേണ്ടതും ഫോട്ടോ ആവശ്യപ്പെടുന്നുണ്ടെങ്കിൽ കാർഡിൽ യഥാസ്ഥാനത്ത് പതിക്കേണ്ടതുമാണ്.

6. അപേക്ഷകരെ അഭിരുചി പരീക്ഷയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലും കേരള ഗവൺമെന്റ്/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നിയമങ്ങൾക്ക് വിധേയമായും തെരഞ്ഞെടുക്കുന്നതാണ്. അങ്ങനെയുള്ളവരുടെ താൽക്കാലിക റാങ്ക് ലിസ്റ്റ് കോളേജ് നോട്ടീസ് ബോർഡിൽ യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതും അവരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുന്നതുമാണ്. പ്രസിദ്ധപ്പെടുത്തിയ താൽക്കാലിക റാങ്ക് ലിസ്റ്റിനെപ്പറ്റി എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം അത് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി രണ്ടു ദിവസത്തിനകം പ്രിൻസിപ്പാളിനെ രേഖാമൂലം അറിയിച്ചിരിക്കണം.

6 (എ) കാലാനുസൃതമായ സർക്കാർ/സർവ്വകലാശാല സംവരണ നിയമങ്ങൾക്കനുസൃതമായിരിക്കും ഈ കോളേജിലേക്കുള്ള പ്രവേശനം.

7. കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലും അസ്സൽ രേഖയുടെ പരിശോധനയിലും സ്വഭാവം, പെരുമാറ്റം എന്നിവകൊണ്ട് തൃപ്തികരമെന്ന് ബോദ്ധ്യപ്പെടുന്നവരെ പ്രവേശനത്തിന് തെരഞ്ഞെടുക്കുന്നതും അങ്ങനെയുള്ളവർ അന്നുതന്നെ നിശ്ചിത ഫീസ് അടച്ച് കോളേജിൽ ചേരേണ്ടതുമാണ്. കൂടിക്കാഴ്ചയ്ക്ക് അപേക്ഷകനോടൊപ്പം രക്ഷിതാവും ഹാജരാകേണ്ടതും തൽസമയം സർട്ടിഫിക്കറ്റുകളുടെയെല്ലാം അസ്സൽ ഹാജരാക്കേണ്ടതുമാണ്. സ്വഭാവ സർട്ടിഫിക്കറ്റ് അവസാനം പഠിച്ച സ്ഥാപനത്തിന്റെ മുഖ്യൻ ആറ് മാസത്തിനുള്ളിൽ നൽകിയത് ആയിരിക്കണം.